47 (2425) **ഡി.പി.ഇ.പി. നടപ്പാക്കുന്നതിന് നിയോഗിച്ചിട്ടുള്ള മെഷിനറി**

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ.ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡി.പി.ഇ.പി. നടപ്പാക്കുന്നതിന് നിയോഗിച്ചിട്ടുള്ള മെഷിനറിയുടെ ഘടനയും അതിന്റെ കർത്തവ്യങ്ങളും എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

1955-ലെ തിരു:കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത "പ്രൈമറി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി ഓഫ് കേരള" (പി.ഇ.ഡി.എസ്.കെ.) എന്ന സൊസൈറ്റിയാണ് ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി(ഡി.പി.ഇ.പി) നടപ്പാക്കിവരുന്നത്. പ്രൈമറി വിദ്യാഭ്യാസം സാർവത്രികമാക്കുക, ഗുണമേന്മയേറിയ വിദ്യാഭ്യാസം പ്രദാനം ചെയ്യുക, സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്നിവയാണ് സൊസൈറ്റിയുടെ ലക്ഷ്യങ്ങളിൽ പ്രധാനമായത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റും സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ് ഇതിന്റെ പ്രവർത്തന മൂലധനം. പ്രോജക്ട് ജില്ലകളായ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്,കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. സൊസൈറ്റിയ്ക്ക് ഒരു ജനറൽ ബോഡിയും ഒരു ഗവേണിംഗ് ബോഡിയും ഉണ്ട്. ജനറൽ ബോഡിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈസ് ചെയർമാൻ ബഹു.വിദ്യാഭ്യാസ മന്ത്രിയുമാണ്. കൂടാതെ പ്രോജക്ട് ജില്ലകളിലെ എല്ലാ പാർലമെന്റ് അംഗങ്ങളും നിയമസഭാ സാമാജികന്മാരും നിർദ്ദിഷ്ട ഔദ്യോഗിക/അനൗദ്യോഗിക വ്യക്തികളും ഇതിന്റെ അംഗങ്ങളാണ്. ഗവേണിംഗ് ബോഡിയുടെ പ്രസിഡന്റ് പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയും വൈസ് പ്രസിഡന്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുമാണ്. ഭരണ നിർവ്വഹണത്തിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറും ജില്ലാതലങ്ങളിൽ ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാരും ബ്ലോക്ക് തലത്തിൽ (വിദ്യാഭ്യാസ ഉപജില്ല) ബ്ലോക്ക് റിസോഴ്സ് സെന്റർ കോഡിനേറ്റർമാരുമുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാ കളക്ടർമാരും യഥാക്രമം ഡിസ്ട്രിക്ട് അഡ്വൈസറി ബോർഡ്/ഡിസ്ട്രിക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചെയർപേഴ്സണാണ്. ജനറൽ ബോഡിയിൽ അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടുന്നു. അനൗദ്യോഗിക അംഗങ്ങൾ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ നോമിനികളാണ്. ഇവരുടെ കാലാവധി മൂന്നു വർഷമാണ്. ഗവേണിംഗ് ബോഡിയിലെ അനൗദ്യോഗിക അംഗങ്ങളെ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തന്നെയാണ് നോമിനേറ്റ് ചെയ്യുന്നത്. ഇവരുടെ കാലാവധിയും മൂന്നു വർഷം തന്നെ.

പ്രസ്തുത സൊസൈറ്റിയുടെ പ്രധാനപ്പെട്ട ചുമതലകളും ഉത്തരവാദിത്വവും താഴെ പറയുന്നവയാണ്.

1. പ്രാഥമികതലത്തിൽ വിദ്യാലയ പ്രവേശനം, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, പഠനനേട്ടം എന്നിവയിലെ സ്ത്രീ-പുരുഷ വ്യത്യാസവും സമൂഹത്തിലെ വിവിധ തരക്കാർ തമ്മിലുള്ള വ്യത്യാസവും അഞ്ചുശതമാനത്തിന് താഴെയായി കുറയ്ക്കുക.

330/2010.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രാഥമിക തലത്തിൽ പൊതുവേ കാണുന്ന കൊഴിഞ്ഞുപോക്കിന്റെ നിരക്ക് പത്തുശതമാനത്തിന് താഴെയാക്കുക.

3. ശരാശരി പഠനനേട്ടം, പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയതിനേക്കാൾ 25% എങ്കിലും വർദ്ധിപ്പിക്കുക.

4. എല്ലാ കുട്ടികൾക്കും ദേശീയ നിലവാരത്തിനനുസരണമായി പ്രാഥമിക വിദ്യാഭ്യാസത്തിനും അഥവാ അതിന് സമാനമായി അനൗപചാരിക വിദ്യാഭ്യാസത്തിനുമുള്ള അവസരം ഉണ്ടാക്കുക.

കൂടാതെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ക്ലാസ്മുറികൾ നിർമ്മിക്കുക, ഇടഭിത്തി നിർമ്മിക്കുക, ടോയ്ലെറ്റുകൾ നിർമ്മിക്കുക, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു കൊടുക്കുക, കുടിവെള്ള സൗകര്യം ഒരുക്കുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളും നടന്നുവരുന്നു.

48 (2426) ഒറ്റയ്ക്കൽ ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഒറ്റയ്ക്കൽ ഗവ.വെൽഫെയർ യു.പി. സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്കൂളിൽ എത്ര അദ്ധ്യാപകരുടെ തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകളിൽ ഒഴിവുണ്ട്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു;

(സി) ഈ സ്കൂളിൽ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(ഇ) ഇതുസംബന്ധമായി വന്ന പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഹെഡ്മാസ്റ്റർ ഉൾപ്പെടെ മൂന്ന് അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) ആറ് അദ്ധ്യാപകരുടെ തസ്തികകൾ നിലവിലുണ്ട്. ഇതിൽ മൂന്ന് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(സി) ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 150 വിദ്യാർത്ഥികൾ.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly